സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം: സി.ബി(1) 19811/2008 — തീയതി : 31-10-2008

# സർക്കുലർ നം: 70/2008

വിഷയം:- സഹകരണ വകുപ്പ് - 'സഹകരണ നിക്ഷേപം കേരളീയം 2008' ക്യാമ്പയിൻ - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. സഹകരണസംഘം രജിസ്ട്രാറുടെ 30-9-2008 തീയതിയിലെ 66/2008 നമ്പർ സർക്കുലർ.
2. 13-10-2008-ൽ ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് കൂടിയ ഉന്നതതല യോഗ തീരുമാനം.
3. സഹകരണസംഘം രജിസ്ട്രാറുടെ 16-10-2008 തീയതിയിലെ 68/2008 നമ്പർ സർക്കുലർ.
4. 30-10-2008-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്കുകളുടെ യോഗതീരുമാനം.

*****

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശനിരക്ക് നിശ്ചയിച്ച് സൂചന(1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സഹകരണ നവരത്നം കേരളീയം പദ്ധതിയുടെ ഭാഗമായി 2008 നവംബർ 1 മുതൽ 30 വരെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ സഹകരണ നിക്ഷേപം കേരളീയം എന്ന പേരിൽ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിയ്ക്കുവാൻ തീരുമാനിക്കുകയും ഇതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശം സൂചന(3) പ്രകാരം പുറപ്പെടുവിയ്ക്കുകയും ചെയ്തിട്ടുണ്ട്. സൂചന(2) പ്രകാരം കൂടിയ യോഗത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെയും വിവിധ വാണിജ്യ/പൊതുമേഖലാ ബാങ്കുകളിലും സ്ഥിരനിക്ഷേപങ്ങളുടെ നിലവിലുള്ള പലിശനിരക്ക് അവലോകനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സഹകരണ നിക്ഷേപം കേരളീയം 2008 ക്യാമ്പയിൻ കാലയളവിൽ സഹകരണസംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശനിരക്കുകൾ പരിഷ്ക്കരിയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ സഹകരണ നിക്ഷേപം കേരളീയം 2008 ക്യാമ്പയിൻ

കാലയളവിൽ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ ഉൾപ്പെടെ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 5.25 | 5.00 | 5.25 | 5.25 | 6.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.00 | 6.25 | 6.00 | 6.25 | 6.25 | 7.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.00 | 6.25 | 7.00 മുതൽ 7.25 വരെ | 7.00 മുതൽ 7.50 വരെ | 7.50 | 8.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.00 | 8.00 | 8.50 | 8.50 | 8.75 | 9.00 |
| 5 | 1 വർഷം മുതൽ 2 വർഷത്തിനു താഴെ വരെ | 8.75 | 9.00 | 10.25 | 10.25 | 10.50 | 10.75 |
| 6 | 2 വർഷം മുതൽ 3 വർഷത്തിനു താഴെ വരെ | 8.75 | 8.75 | 10.00 | 10.00 | 10.25 | 10.50 |
| 7 | 3 വർഷം മുതൽ 5 വർഷത്തിനു താഴെ വരെ | 9.00 | 9.00 | 9.50 | 9.50 | 9.75 | 10.00 |
| 8 | 5 വർഷവും അതിനു മുകളിലും | 9.25 | 9.25 | 9.25 | 9.25 | 9.75 | 10.00 |

ഇതിനു പുറമേ മുതിർന്ന പൗരൻമാരുടെ 15 മുതൽ 364 ദിവസം വരെയുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് 1 ശതമാനവും, 1 മുതൽ 5 വർഷവും അതിനു മുകളിലുള്ള നിക്ഷേപങ്ങൾക്ക് അര ശതമാനവും അധിക പലിശനിരക്ക് നൽകാവുന്നതാണ്.

എന്നാൽ ക്രമ നമ്പർ 7,8 സ്ലാബുകളിൽ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് അതാതു സംഘങ്ങൾ/ബാങ്കുകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമാണെങ്കിൽ 11 വരെ പരമാവധി പലിശനിരക്ക് നിശ്ചയിക്കാവുന്നതാണ്. എന്നാൽ മുതിർന്ന പൗരൻമാരുടെ ഇത്തരം നിക്ഷേപങ്ങൾക്കും അധിക പലിശ നൽകുന്നതുൾപ്പെടെ 11.¼ ശതമാനത്തിൽ അധികരിച്ച് പലിശ നൽകാൻ പാടുള്ളതല്ല.

കൂടാതെ പ്രാഥമിക സംഘങ്ങൾക്ക് മാത്രമായി സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിൻ കാലയളവിൽ 1000 പൂർണ്ണ ദിവസ കാലയളവിൽ സ്വീകരിയ്ക്കുന്ന നിക്ഷേപങ്ങൾക്ക് 11 % പലിശനിരക്ക് നൽകുന്ന പ്രത്യേക നിക്ഷേപ പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകുന്നു.

പ്രസ്തുത പലിശനിരക്കുകൾക്ക് 1-11-2008 മുതൽ 30-11-2008 വരെയുള്ള കാലയളവിലേക്കു മാത്രമേ പ്രാബല്യമുണ്ടായിരിയ്ക്കുകയുള്ളൂ.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്.
6. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ /ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹ. സംഘങ്ങൾ/ ബാങ്കുകൾ(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
9. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
11. സ്റ്റോക്ക് ഫയൽ / സ്പെയർ

// ആജ്ഞാനുസരണം //

അസിസ്റ്റൻറ് രജിസ്ട്രാർ(സി.ബി)